<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2590</u> <u>14-09-2023 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, കാന്റീൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള സ്ഥിതി അറിയിക്കാമോ; | (എ) | 10-11-2017-ലെ സ.ഉ (കൈ) നം.284/2017/ ഉ.വി.വ, 19-06-2019-ലെ സ.ഉ (കൈ) നം.173/2019/ഉ.വി.വ, 30-08-2019-ലെ സ.ഉ (കൈ) നം.304/2019/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കണ്ണൂർ കൃഷ്ണ മേനോൻ സ്മാരക വനിതാ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അക്കാഡമിക് ബ്ലോക്ക്, കാന്റീൻ ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എന്നിവയുടേയും മറ്റ് അനുബന്ധ പ്രവൃത്തികളുടേയും നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.റ്റി.എൽ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും 11-02-2020-ലെ HED007-01/APR-4/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 7.15 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന്, കെ.എം.ബി.ആർ 2019, ഡിസൈനിൽ ഉണ്ടായ വ്യതിയാനം, അധിക പ്രവൃത്തികൾ എന്നിവയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുകയും ആയത് പരിശോധിച്ച ശേഷം 08-03-2021-ലെ HED007-01/PE-5-PAD/2021/KIIFB നമ്പർ ഉത്തരവു പ്രകാരം 10.14 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഡി.എസ്.ആർ നിരക്കിലും ജി.എസ്.റ്റി നിരക്കിലും ഉണ്ടായ മാറ്റത്തെത്തുടർന്ന് 12.96 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുവാൻ കെ.എസ്.ഐ.റ്റി.എൽ വീണ്ടും പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി.<br><br>28-02-2020-ലെ FA-1/615/2020/KIIFB, 17-09-2021-ലെ FA-2/188/2021/KIIFB എന്നീ ഉത്തരവുകൾ പ്രകാരം, ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 12 മാസക്കാലയളവിനുള്ളിൽ പദ്ധതി നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസിയും കരാറുകാരനും തമ്മിൽ കരാർ ഉടമ്പടി വയ്ക്കാത്ത പക്ഷം, ടി പദ്ധതി റീവാലിഡേറ്റ് ചെയ്യപ്പെടുന്നതാണ്. പദ്ധതിയുമായി മുന്നോട്ടു പോകേണ്ടതുണ്ടെങ്കിൽ, ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതി റീവാലിഡേറ്റ് ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്. ടി ഉത്തരവു സഹിതം പദ്ധതി ശിപാർശ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക്, അവ പരിശോധിച്ച് നിലവിലെ ഉത്തരവുകൾക്ക വിധേയമായി അംഗീകാരം നൽകാവുന്നതാണ്. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിന്റെ വികസന പദ്ധതി ടി റീവാലിഡേഷൻ ഉത്തരവുകളുടെ പരിധിയിൽ വരുന്നതാകയാൽ, ഇക്കാര്യം എസ്.പി.വി-യെ അറിയിച്ചുകൊണ്ട് ഫയൽ മടക്കിയിട്ടുണ്ട്. ആയത് മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച്, തൃപ്തികരമെങ്കിൽ അംഗീകാരം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവർത്തനം ആരംഭിക്കുന്നതിന് തടസങ്ങളുണ്ടോ; പ്രവർത്തനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിന്റെ വികസന പദ്ധതി 28-02-2020-ലെ FA-1/615/2020/KIIFB, 17-09-2021-ലെ FA-2/188/2021/KIIFB എന്നീ ഉത്തരവുകളുടെ പരിധിയിൽ വരുന്നതാകയാൽ, പദ്ധതി റീവാലിഡേറ്റ് ചെയ്തുകൊണ്ട് ഭരണ വകുപ്പ് ഉത്തരവു പുറപ്പെടുവിച്ച് പദ്ധതി വിശദാംശങ്ങൾ സഹിതം എസ്.പി.വി പദ്ധതി ശിപാർശ കിഫ്ബിയിൽ നാളിതുവരെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ, പുതുക്കിയ ധനാനുമതി പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ധനാനുമതി ഉത്തരവു ലഭ്യമാകുന്ന മുറയ്ക്ക് ടെന്റർ നടപടികൾ സ്വീകരിച്ച് പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയ്ക്കാണ്. 28-02-2020-ലെ FA-1/615/2020/KIIFB, 17-09-2021-ലെ FA-2/188/2021/KIIFB എന്നീ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണ ഏജൻസി പുതുക്കിയ ശിപാർശ കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷവും, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷവും, കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിന്റെ വികസന പദ്ധതിക്ക് പുതുക്കിയ ധനാനുമതി ഉത്തരവ് കിഫ്ബി പുറപ്പെടുവിക്കുന്നതാണ്. ടി ഉത്തരവു ലഭ്യമാകുന്ന മുറയ്ക്ക്, പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ